
ഡോ. യൂസുഫുല്‍ ഖറദാവി



# അനിസ്‌ലാമിക ഭരണത്തിലെ മുസ്‌ലിം പങ്കാളിത്തം

***ചോദ്യം:*** *ഒരു മുസ്‌ലിമിനോ, മുസ്‌ലിം സംഘടനക്കോ അനിസ്‌ലാമിക ഭരണത്തില്‍ പങ്കാളിയാവാമോ? ഇതില്‍ സിവില്‍-സൈനിക-രാജ-ജനാധിപത്യ-സ്വേഛാധിപത്യ-ലിബറല്‍-സോഷ്യലിസറ്റ്-പ്രത്യക്ഷമോ പരോക്ഷമോ ആയ സെക്യുലരിസ്റ്റ് ഭരണങ്ങള്‍ എന്ന വ്യത്യാസമുണ്ടോ? ഭരണത്തില്‍ പങ്കാളിത്തം എന്നതിന്റെ വിവക്ഷ, മന്ത്രി, മേയര്‍ സ്ഥാനങ്ങള്‍ പോലുള്ള ഭരണപരമായ ഉത്തരവാദിത്വങ്ങളോ, രാഷട്രീയ സ്വഭാവമുള്ള മറ്റെന്തെങ്കിലുമോ ചുമതലയേല്‍ക്കുക എന്നാണ്. ഈ വിഷയത്തില്‍, ഇസ്‌ലാമിസ്റ്റുകള്‍ തന്നെ വ്യത്യസ്ത നിലപാടാണ് സ്വീകരിച്ചു കാണുന്നത്. ചിലര്‍ പാടില്ലെന്ന് പറയുമ്പോള്‍ മറ്റു ചിലര്‍ ആവാമെന്ന് അനുവദിക്കുന്നു. ചില മുഫ്തിമാര്‍ ഹലാലാണെന്നും ചിലര്‍ ഹറാമാണെന്നും ഫത്‌വ നല്‍കുന്നു.*

*ഈ പശ്ചാത്തലത്തില്‍ വിഷയം ഗൗരവതരമാണ്. സംശയാശങ്കകളുള്ളവര്‍ക്ക് വഴി വെളിച്ചം ലഭിക്കുമാറ് വിശദീകരണം ആവശ്യമാണ്; വിശിഷ്യ, ജോര്‍ദാനിലും യമനിലും ഏറ്റവും ഒടുവില്‍ തുര്‍ക്കിയിലും ചില ഇസ്‌ലാമിസ്റ്റുകള്‍ ഭരണ പങ്കാളിത്തം വഹിച്ചു തുടങ്ങിയ സാഹചര്യത്തില്‍. ഇവയില്‍ ചിലത് ശുദ്ധ സെക്യുലറാണ്. തുര്‍ക്കി ഉദാഹരണം. മറ്റു ചിലത് അത്രയ്ക്ക് സെക്യുലറല്ല, ഭരണ ഘടനാപരമായി ഇസ്‌ലാമിനോട് കൂടുതല്‍ അടുപ്പമുള്ളവയാണ്, യമന്‍ ഉദാഹരണം.*

*അവിടങ്ങളിലെ ഇസ്‌ലാമിസ്റ്റുകള്‍ക്ക് വഴി തെറ്റിയതാണോ? അതോ, അവരുടെ ഇജ്തിഹാദ് സുബദ്ധമാണോ, അബദ്ധമാണോ? അഥവാ, ഇത് ഇജ്തിഹാദിന് വിധേയമാവേണ്ട വിഷയമാണോ, അതോ ഇജ്തിഹാദിന് സ്വാതന്ത്ര്യമില്ലാത്ത തീര്‍ത്തും നിഷിദ്ധമോ? തങ്ങള്‍ക്ക് ചുറ്റുമുള്ള എല്ലാറ്റിനെയും നിരാകരിക്കുന്ന 'തിരസ്‌കാര തത്വശാസ്ത്ര'ത്തിന്റെ വക്താക്കളായ ചില ഇസ്‌ലാമിസ്റ്റുകള്‍ ഇതില്‍ ഇജ്തിഹാദിന് ഇടമുണ്ടെന്ന് അംഗീകരിക്കുന്നില്ല. ശര്‍ഈ തെളിവുകളുടെ ബലത്തില്‍ ഈ വിഷയകമായി താങ്കള്‍ വെളിച്ചം പകരുമെന്ന് പ്രതീക്ഷിക്കുന്നു. (ജോര്‍ദാനില്‍ നിന്ന് ഏതാനും യുവാക്കള്‍).*

**മറുപടി:** ഭരണം, മന്ത്രിപദവി മുതലായവ ചുമത്തപ്പെടുന്ന മേഖലകളില്‍ അല്ലാഹുവിന്റെ ശരീഅത്ത് നടപ്പാക്കാനും, സത്യവിശ്വാസത്തിന്റെ തേട്ടമായി നിര്‍ബന്ധമായും വിധേയമാവേണ്ട അല്ലാഹുവിന്റെയും തിരുദൂതരുടെയും കല്‍പനകള്‍ക്ക് വിരുദ്ധമാകാതിരിക്കുവാനും കഴിയുകയില്ലെങ്കില്‍ ഇത്തരം ഭരണത്തില്‍ പങ്കാളിത്തമരുതെന്നതാണ് ഈ വിഷയത്തിലെ അടിസ്ഥാന തത്വം. അല്ലാഹു പറയുന്നു: 'അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തിരുമാനിച്ചു കഴിഞ്ഞാല്‍ പിന്നെ ആ കാര്യത്തില്‍ സ്വന്തമായ ഒരു തിരുമാനമെടുക്കാന്‍ യാതൊരു വിശ്വാസിക്കും വിശ്വാസിനിക്കും അവകാശമില്ലാത്തതാകുന്നു. ആര്‍ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവര്‍ സ്പഷ്ടമായ ദുര്‍മാര്‍ഗത്തിലകപ്പെട്ടുപോയി' (അഹ്‌സാബ്:36) 'നിങ്ങളില്‍, മറ്റുള്ളവരുടെ മറപിടിച്ച് സൂത്രത്തില്‍ ഊരിച്ചാടുന്നവരെ അല്ലാഹു നല്ലവണ്ണം അറിയുന്നുണ്ട്. അതിനാല്‍, അദ്ദേഹത്തിന്റെ കല്‍പന ലംഘിക്കുന്നവര്‍, വല്ലവിപത്തിലും അകപ്പെടുകയോ, തങ്ങളുടെ മേല്‍ വേദനയേറിയ ശിക്ഷ വന്നുഭവിക്കുകയോ ചെയ്യുന്നത് ഭയപ്പെട്ടു കൊള്ളട്ടെ' (നൂര്‍:63).

ജീവിതത്തിന്റെ നിയമനിര്‍മാണ-വിദ്യാഭ്യാസ-സാംസ്‌കാരിക-പ്രചാരണ-സാമ്പത്തിക-രാഷ്ട്രീയ-ഭരണനിര്‍വഹണ-അന്താരാഷ്ട്രീയാദി മേഖലകളില്‍ ഇസ്‌ലാമിനോട് പ്രതിബദ്ധത പുലര്‍ത്താതിരിക്കുകയോ, അതിന്നായി

പാശ്ചാത്യ-പൗരസ്ത്യ രാജ്യങ്ങളിൽ നിന്നോ, വലത്തു നിന്നോ ലിബറൽ മാർക്സിസ്റ്റ് തത്ത്വശാസ്ത്രത്തിൽ നിന്നോ മറ്റോ ഇസ്‌ലാമേതര സ്രോതസ്സുകൾ സ്വീകരിക്കുകയോ, ചില ഇസ്‌ലാമിക സ്രോതസ്സുകൾ സ്വീകരിക്കുന്നതോടൊപ്പം ഇസ്‌ലാമിന്റെ ഖണ്ഡിതമായ വിധിയെ മറികടന്നുകൊണ്ട് മറ്റു ചില സ്രോതസ്സുകൾ കൂടി അവലംബിക്കുകയോ ചെയ്യുന്ന പക്ഷം - മേൽ നിലപാടുകളെല്ലാം ത്യാജ്യമാണ്. അല്ലാഹു അവതരിപ്പിച്ച എല്ലാറ്റിലേക്കും വിധി തേടുകയെന്നത് മുസ്‌ലിംകളുടെ ബാധ്യതയാണ്. അവയിൽ ചിലത് സ്വീകരിച്ച്, വേറെ ചിലത് ഉപേക്ഷിക്കുന്നത് അനുവദനീയമല്ല. 'അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ച് താങ്കൾ അവരുടെ വ്യവഹാരങ്ങളിൽ വിധി നടത്തുക, അവരുടെ ഇഛകളെ പിൻപറ്റാതിരിക്കുക, ഇക്കൂട്ടർ താങ്കളെ വിഷമിപ്പിച്ച്, അല്ലാഹു താങ്കൾക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള സന്മാർഗത്തിൽ നിന്ന് അണു അളവ് വ്യതിചലിപ്പിക്കുന്നതിനെ സൂക്ഷിക്കുക. ഇനി അവർ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ താങ്കൾ അറിഞ്ഞിരിക്കുക: അവരുടെ ചില പാപങ്ങളുടെ ഫലമായി അല്ലാഹു അവരെ ആപത്തിലകപ്പെടുത്താൻ തന്നെ തീരുമാനിച്ചിരിക്കുന്നു. ഈ ജനത്തിലധികവും കടുത്ത അധർമികളാണ് (മാഇദഃ49). തങ്ങൾക്കവതീർണമായ ഗ്രന്ഥത്തിൽ നിന്ന് ചിലത് സ്വീകരിക്കുകയും ചിലത് നിരാകരിക്കുകയും ചെയ്ത ഇസ്റായേൽ സന്തതികളെ അല്ലാഹു കഠിനമായി കുറ്റപ്പെടുത്തിയിട്ടുണ്ട് '...നിങ്ങൾ വേദത്തിന്റെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ഭാഗങ്ങൾ നിഷേധിക്കുകയുമാണോ? നിങ്ങളിൽ അവ്വിധം ചെയ്യുന്നവർക്കുള്ള പ്രതിഫലം, ഐഹിക ജീവിതത്തിൽ നിന്ദ്യനും നീചനുമായിത്തീരുകയും അന്ത്യദിനത്തിൽ ഏറ്റവും കഠിനമായ പീഡനത്തിലേക്ക് തള്ളപ്പെടുകയുമല്ലാതെ മറ്റെന്ത്? നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അല്ലാഹു അശ്രദ്ധനല്ലതന്നെ. പരലോകം കൊടുത്ത് ഐഹിക ജീവിതം കൊണ്ടവരാണവർ. അതിനാൽ അവരുടെ ശിക്ഷയിൽ ഒരിളവുണ്ടാവുകയില്ല. അവർ ഒരുവിധത്തിലും സഹായിക്കപ്പെടുന്നതുമല്ല' (ബഖറഃ85,86).

അല്ലാഹുവിന്റെ ശരീഅത്തിൽ നിന്ന് വ്യതിചലിച്ചതിനെക്കുറിച്ച് രാജാവ്, റിപ്പബ്ലിക്കിന്റെ തലവൻ, സൈനിക ഭരണാധികാരി മുതലായ രാഷ്ട്ര നേതാക്കളാണ് പ്രഥമമായും ചോദ്യം ചെയ്യപ്പെടുകയെങ്കിലും അവരെ സഹായിക്കുന്നവർ സഹായിച്ചതിന്റെ തോതനുസരിച്ച് കുറ്റത്തിൽ പങ്കുകാരായിരിക്കും. ഫറോവയോടൊപ്പം പാപത്തിലും ഇഹ-പരലോകങ്ങളിലെ ശിക്ഷയിലും അയാളുടെ സൈന്യങ്ങളും പങ്കാളികളാണെന്ന് ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്. 'തീർച്ചയായും ഫറോവയും ഹാമാനും അവർ രണ്ടുപേരുടെയും സൈന്യങ്ങളും കുറ്റവാളികളായിരുന്നു' (ഖസ്വസ്:8). 'അവനെയും അവന്റെ സൈന്യങ്ങളേയും നാം പിടികൂടുകയും സമുദ്രത്തിൽ ചിതറിക്കളയുകയും ചെയ്തു. ആ ധിക്കാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക. നാം അവരെ, നരകത്തിലേക്ക് പ്രബോധനം ചെയ്യുന്ന ആചാര്യന്മാരാക്കിയിരിക്കുന്നു. പുനരുദ്ധാന നാളിൽ അവർക്കു എങ്ങുനിന്നും സഹായം കിട്ടുകയില്ല. നാം ഈ ലോകത്ത് അവർക്കു പുറകിൽ ശാപം തുടർത്തിയിട്ടുണ്ട്. അന്ത്യനാളിലോ, അവർ മഹാ മ്ലേഛതയിലകപ്പെടുന്നതാകുന്നു' (ഖസ്വസ്:40,42) ഭരണാധികാരികളുടെ സിൽബന്തികളെ മാത്രമല്ല, അക്രമികളും ധിക്കാരികളുമായ ഭരണാധികാരികളെ പിൻപറ്റിയ ജനങ്ങളും പാപത്തിലും ശിക്ഷയിലും പങ്കാളികളാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നുണ്ട്. നൂഹ് നബിയുടെ ജനതയെക്കുറിച്ച് ഖുർആൻ പറയുന്നു: 'നൂഹ് പറഞ്ഞു: നാഥാ, ഈ ജനം എന്റെ സന്ദേശം തള്ളിക്കളഞ്ഞിരിക്കുന്നു. സമ്പദ്സമൃദ്ധിയും സന്താനാധിക്യവും പരാജയമല്ലാതൊന്നും ഏറ്റിക്കൊടുത്തിട്ടില്ലാത്ത ആ (പ്രമാണിമാരെ) യാകുന്നു ഇവർ (ജനങ്ങൾ) പിൻപറ്റിയിട്ടുള്ളത്' (നൂഹ്:21).

**ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം, അയാളുടെ ഇഛയും താൽപര്യവും ഒരിക്കലും അക്രമികൾക്കൊപ്പമാകാവതല്ല - അത് നരകബാധയ്ക്കും അല്ലാഹുവിന്റെ മൈത്രിയും സഹായവും നഷ്ടപ്പെടാനും കാരണമാവും- എങ്കിൽ, ദൈവധിക്കാരികളുമായുള്ള അടുപ്പത്തിന്റെയും ഭൗതിക സഹായത്തിന്റെയും കാര്യം പറയാനുണ്ടോ? മുൻഗാമികൾ ഈ വിഷയത്തിൽ അതീവ ജാഗ്രതയുള്ളവരായിരുന്നു.**

'...ഇതത്രെ ആദുവർഗം അവർ തങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു. അവന്റെ ദൂതന്മാരുടെ സന്ദേശങ്ങൾ സ്വീകരിച്ചില്ല. സ്വേഛാ പ്രമത്തരും ധിക്കാരമൂർത്തികളുമായ സകലരുടെയും ചൊൽപടിയിൽ നടക്കുകയും ചെയ്തു' (ഹൂദ്:59) ഫറോവയുടെ ജനതയെ അയാൾക്കൊപ്പം കുറ്റത്തിൽ പങ്കാളികളാക്കിക്കൊണ്ട് ഖുർആൻ പറയുന്നു: '...അവർ ഫറോവയുടെ ആജ്ഞയെ പിന്തുടർന്നു. ഫറോവയുടെ ആജ്ഞയോ, സന്മാർഗത്തിലുള്ളതായിരുന്നില്ല. പുനഃരുദ്ധാന നാളിൽ അവൻ സ്വജനത്തിന്റെ മുമ്പിലുണ്ടായിരിക്കും. അങ്ങനെ തന്റെ നേതൃത്വത്തിൽ അവരെ അവൻ നരകത്തിലേയ്ക്ക് കൊണ്ടുപോകും. ഒരുവന്ന് പ്രാപിക്കാവുന്നതിൽ ഏറ്റവും ദുർഭഗമായ പ്രാപ്യസ്ഥാനമത്രെ അത്' (ഹൂദ്:97,98).

**ഇസ്‌ലാമിക ശരീഅത്ത് മുസ്‌ലിംകൾക്കു മുമ്പാകെ മഹനീയമമായ തത്ത്വം സമർപിക്കുന്നു. കണ്ണും ഹൃദയവും ഉപയോഗിച്ചും ചലിച്ചുനീങ്ങിയും ആ തത്ത്വത്തിലേക്ക് അവർ എത്തണം. എങ്കിലും പ്രായോഗിക സാഹചര്യങ്ങൾ അവരെ തോൽപിച്ചുകളയും. അതിനാൽ അവിടേക്കെത്താൻ കഴിയില്ല. അക്കാരണത്താൽ, മഹനീയ തത്ത്വത്തിൽ നിന്ന് താഴേക്ക് ഇറങ്ങിവരാൻ അനിവാര്യസാഹചര്യത്തിൽ അവർ നിർബന്ധിതരാവും.**

'അവൻ തന്റെ ജനത്തെ നിസ്സാരരായി ഗണിച്ചു. അവരോ, അവന് കീഴ്പ്പെടുകയും ചെയ്തു. വാസ്തവത്തിൽ അധർമകാരികളായിരുന്നു അവർ' (സുഖ്‌റുഫ്:54).

ദൈവവിരുദ്ധരായ ഫറോവമാർക്കും അതിക്രമകാരികൾക്കും സഹായമോ സേവനമോ ആയി സമർപ്പിക്കപ്പെടുന്ന എല്ലാ ജോലിയും ശരീഅത്ത് ദൃഷ്ട്യാ നിഷിദ്ധമായാണ് പരിഗണിക്കപ്പെടുക. പുണ്യത്തിലും നന്മയിലും പരസ്പരം സഹകരിക്കുക, പാപത്തിലും ശത്രുതയിലും സഹകരിക്കാതിരിക്കുക–ഇതാണ് ഇസ്‌ലാമിക നയം. 'നിങ്ങൾ പുണ്യത്തിലും ദൈവഭക്തിയിലും പരസ്പരം സഹകരിക്കുക. പാപത്തിലും ശത്രുതയിലും പരസ്പരം സഹകരിക്കാതിരിക്കുക' (മാഇദഃ 2). മേൽ രണ്ടു നിലപാടുകൾക്കും പല നിലവാരങ്ങളുണ്ട്. 'നിങ്ങൾ അക്രമികളിലേക്ക് ചായരുത്. അങ്ങനെയായാൽ നിങ്ങളെ നരകം ബാധിക്കും. നിങ്ങൾക്ക് അല്ലാഹുവിനെ കൂടാതെ മിത്രങ്ങളില്ല. പിന്നീട് നിങ്ങൾ സഹായിക്കപ്പെടുന്നതല്ല' (ഹൂദ്:113).

ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം, അയാളുടെ ഇഛയും താൽപര്യവും ഒരിക്കലും അക്രമികൾക്കൊപ്പമാകാവതല്ല– അത് നരകബാധയ്ക്കും അല്ലാഹുവിന്റെ മൈത്രിയും സഹായവും നഷ്ടപ്പെടാനും കാരണമാവും– എങ്കിൽ, ദൈവധിക്കാരികളുമായുള്ള അടുപ്പത്തിന്റെയും ഭൗതിക സഹായത്തിന്റെയും കാര്യം പറയാനുണ്ടോ? മുൻഗാമികൾ ഈ വിഷയത്തിൽ അതീവ ജാഗ്രതയുള്ളവരായിരുന്നു.

**ശർഈ പരിഗണനകളാൽ അടിസ്ഥാന തത്ത്വത്തിൽ നിന്ന് മാറി നിലപാട് സ്വീകരിക്കൽ**

അക്രമികളുമായി പരസ്പരം സഹകരിക്കുന്നത് നിഷിദ്ധമാണെന്നതാണ് ശരീഅത്തിലെ അടിസ്ഥാന തത്ത്വം. അഥവാ കൂടുതലായും വ്യാപകമായും സ്വീകരിക്കപ്പെടുന്ന തത്ത്വം. എന്നുപറഞ്ഞാൽ, ശരീഅത്ത് നിർണയിക്കുന്ന പരിഗണനകൾ മുമ്പിൽ വെച്ചുകൊണ്ട് ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രം മേൽ തത്ത്വത്തിൽ നിന്നു പുറത്തുപോകാവുന്നതാണെന്നു സാരം.

**പൊതുതത്ത്വം മാറ്റിവെക്കാവുന്ന ചില സാഹചര്യങ്ങൾ**

**1) നാശവും അക്രമവും സാധ്യമായ അളവിൽ കുറയ്ക്കുക.**

ഏതെങ്കിലും മാർഗമുപയോഗിച്ച് അക്രമവും ശത്രുതയും കുറയ്ക്കാൻ കഴിയുന്നവർ അങ്ങനെ ചെയ്യേണ്ടതാണ്. ദുഃഖിക്കുന്നവരെ സഹായിക്കുക, മർദ്ദിതരെ തുണയ്ക്കുക, ദുർബലരെ ശാക്തീകരിക്കുക, പാപത്തിന്റെയും ശത്രുതയുടെയും വൃത്തം സാധ്യമാംവിധം ചുരുക്കിക്കൊണ്ടുവരിക മുതലായവക്കെല്ലാം ഈ രീതി അവലംബിക്കാവുന്നതാണ്. അല്ലാഹു പറയുന്നു: 'നിങ്ങൾക്ക് സാധ്യമാകുവോളം നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക' (തഗാബുൻ:16) നബി(സ) പ്രസ്താവിക്കുന്നു:

إذا أمرتكم بأمر فأتوا منه ما استطعتم

'ഞാൻ നിങ്ങളോട് വല്ലതും കൽപിച്ചാൽ നിങ്ങളാൽ കഴിയും വിധം നിങ്ങൾ അത് നടപ്പിലാക്കുക' (ബുഖാരി, മുസ്‌ലിം) 'അല്ലാഹു ഒരാത്മാവിനോടും അതിന്ന് കഴിയുന്നതല്ലാതെ കൽപിക്കുന്നില്ല' (ബഖറഃ 286) അബ്സീനിയയിലെ ചക്രവർത്തിയായിരുന്ന നജ്ജാശി നബി(സ)യുടെ കാലത്ത് ഇസ്‌ലാം സ്വീകരിച്ചുവെങ്കിലും തന്റെ രാഷ്ട്രത്തിൽ ഇസ്‌ലാം സ്ഥാപിക്കാൻ അദ്ദേഹത്തിന് കഴിയുകയുണ്ടായില്ല. അദ്ദേഹം ഇസ്‌ലാം നടപ്പിലാക്കിയിരുന്നുവെങ്കിൽ രാജ്യത്തെ ജനങ്ങൾ അദ്ദേഹത്തെ സ്ഥാന ഭ്രഷ്ടനാക്കുമായിരുന്നു. നബി(സ) അദ്ദേഹത്തിന്റെ നടപടിയിൽ അനിഷ്ടം പ്രകടിപ്പിച്ചുമില്ല. 'ഒന്നുകിൽ എല്ലാം നടപ്പിലാക്കുക അത് കഴിയില്ലെങ്കിൽ ഒന്നും വേണ്ട' എന്ന തത്ത്വശാസ്ത്രം ശരീഅത്തനുസരിച്ചും വസ്തുതാപരമായും നിരാകരിക്കപ്പെടേണ്ടതാണ്.

**2) രണ്ട് ദോഷങ്ങളിൽ ഏറ്റവും ലഘുവായത് ചെയ്യുക**

രണ്ട് ഉപദ്രവങ്ങളിൽ ഏറ്റവും ലഘുവായതും രണ്ട് ദോഷങ്ങളിൽ ഏറ്റവും നിസ്സാരമായതും ചെയ്ത്, അവയിലെ ഏറ്റവും വലുതിനെ പ്രതിരോധിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. കൂടുതൽ വലിയ നിഷിദ്ധത്തിന് കാരണമാവുമെങ്കിൽ ചെറിയ നിഷിദ്ധങ്ങളെക്കുറിച്ച് മൗനം പാലിക്കാമെന്ന് കർമ്മശാസ്ത്രകാരന്മാർ അനുവദിക്കാൻ കാരണം ഇതാണ്. പ്രവാചക പത്നി ആഇശഃ(റ) നബി(സ)യിൽ നിന്നുദ്ധരിച്ച താഴെ ഹദീസ് പണ്ഡിതന്മാർ ഇതിന് തെളിവായെടുക്കുന്നു.

لولا أن قومك حديثو عهد بشرك لبنيت الكعبة على قواعد إبراهيم

'നിന്റെ ജനത(മക്കയിലെ മുശ്‌രിക്കുകൾ) ബഹുദൈവത്വത്തിൽ നിന്ന് അടുത്തുമാത്രം ഇസ്‌ലാമിലേക്ക്

വന്നവരല്ലായിരുന്നുവെങ്കിൽ ഇബ്റാഹീം നബി(സ) പണിത അടിത്തറകളിൽ തന്നെ ഞാൻ കഅ്ബഃ നിർമിക്കുമായിരുന്നു (ബുഖാരി, മുസ്‌ലിം).

നിർബന്ധമായിരുന്ന ഒരു കാര്യം, ഇസ്‌ലാമിൽ പാദമുറച്ചിട്ടില്ലാത്ത സ്വജനതയെ ഭയന്ന് നബി(സ) മാറ്റിവെക്കുകയായിരുന്നു എന്ന് സാരം.

അല്ലാഹുവുമായി അഭിമുഖസംഭാഷണം നടത്താനായി മൂസ(അ) പോയ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ സാമിരി സ്വർണ നിർമിത പശുക്കുട്ടിയെ ആരാധിപ്പിച്ച് ഇസ്റായേൽ സന്തതികളെ വഴിതെറ്റിക്കുകയുണ്ടായി. അയാൾ അവരോട് പറഞ്ഞു: 'ഇത് നിങ്ങളുടെയും മൂസായുടെയും ദൈവമാണ്' അത് വിശ്വസിച്ചുവശായ അവർ അയാളെ പിൻപറ്റി. (മൂസാനബിയുടെ പ്രതിനിധിയായിരുന്ന സഹോദരൻ) ഹാറൂൻ അവരെ താക്കീത് ചെയ്തു. '...എന്റെ ജനമേ! നിങ്ങൾ ഇതുവഴി പരീക്ഷണത്തിലകപ്പെട്ടിരിക്കുകയാണ്. തീർച്ചയായും നിങ്ങളുടെ റബ്ബ് കരുണാമയനാകുന്നു. അതിനാൽ, നിങ്ങൾ എന്നെ അനുഗമിക്കുവിൻ. എന്റെവാക്കുകളെ അനുസരിക്കുവിൻ' പക്ഷെ, അവർ അദ്ദേഹത്തോട് പറഞ്ഞു: മൂസാ ഞങ്ങളിൽ തിരിച്ചെത്തും വരെ ഞങ്ങൾ ഇതിനെത്തന്നെ ആരാധിച്ചുകൊണ്ടിരിക്കും' (ത്വാഹാ: 90,91) തിരിച്ചുവന്ന മൂസാനബി സ്വജനതയുടെ വഴികെട്ട നടപടി കണ്ട് അത്യധികം ക്ഷുഭിതനായി. ഞാൻ പോയ ശേഷം നിങ്ങൾ എന്നെ എത്രമോശമായാണ് പ്രതിനിധീകരിച്ചത് എന്ന് അവരോട് ചോദിച്ചു. കയ്യിലുണ്ടായിരുന്ന ഫലകങ്ങൾ വർധിതക്രോധത്താൽ വലിച്ചെറിഞ്ഞു. സഹോദരൻ ഹാറൂനിന്റെ തലയ്ക്ക് പിടിച്ചുവലിച്ചിട്ട് ചോദിച്ചു: ഇവർ പിഴച്ചുപോകുന്നത് കണ്ടപ്പോൾ എന്റെ മാർഗമനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്ന് നിന്നെ തടഞ്ഞതെന്ത്? താൻ എന്റെ കൽപനയെ ധിക്കരിച്ചുവോ? ഹാറൂൻ പറഞ്ഞു: എന്റെ മാതാവിന്റെ മകനേ, എന്റെ താടി പിടിക്കല്ലേ. തലമുടിവലിക്കുകയും ചെയ്യല്ലേ. 'നീ ഇസ്റാഈൽ വംശത്തെ ഭിന്നിപ്പിച്ചുകളഞ്ഞു, എന്റെ വാക്കിനു കാത്തിരുന്നുമില്ല' എന്ന് നീ വന്നു പറയുമെന്ന് ഞാൻ ഭയപ്പെട്ടു. (ത്വാഹാ: 92-94).

ഗോപൂജയെന്ന അത്യന്തം വഷളായ നിഷിദ്ധം ചെയ്ത തന്റെ ജനതയുടെ ചെയ്തിയിൽ വേദനയും സങ്കടവുമുണ്ടായെങ്കിലും ഹാറൂൻ നബി മൗനം ഭജിച്ചു. മൂസാനബി തിരിച്ചെത്തിയ ശേഷം ശരിയായ രീതിയിൽ ചികിത്സിക്കേണ്ടതെങ്ങനെയെന്നു തീരുമാനിക്കാം. അതുവരെ ഐക്യം കാത്തുസൂക്ഷിക്കാം - ഇതായിരുന്നു ഹാറൂനിന്റെ നിലപാട്.

**3) മഹോന്നത തത്ത്വത്തിൽ നിന്ന് പ്രായോഗികതയുടെ താഴെ തലത്തിലേക്ക് ഇറങ്ങിവരിക**

ഇസ്‌ലാമിക ശരീഅത്ത് മുസ്‌ലിംകൾക്കുമുമ്പാകെ മഹനീയമായ തത്ത്വം സമർപ്പിക്കുന്നു. കണ്ണും ഹൃദയവും ഉപയോഗിച്ചും ചലിച്ചുനീങ്ങിയും ആ തത്ത്വത്തിലേക്ക് അവർ എത്തണം. എങ്കിലും പ്രായോഗിക സാഹചര്യങ്ങൾ അവരെ തോൽപിച്ചുകളയും. അതിനാൽ അവിടേക്കെത്താൻ കഴിയില്ല. അക്കാരണത്താൽ, മഹനീയ തത്ത്വത്തിൽ നിന്ന് താഴേക്ക് ഇറങ്ങിവരാൻ അനിവാര്യസാഹചര്യത്തിൽ അവർ നിർബന്ധിതരാവും. പ്രയാസത്തോടൊപ്പം മാത്രം പ്രാപ്യമാവുന്ന മാതൃകയിലെത്തുക അസാധ്യമായ ശേഷം, എളുപ്പമുള്ള സാധ്യതയനുസരിച്ച് പ്രവർത്തിക്കേണ്ടിവരും. ഈ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ശരീഅത്തിൽ ആവിഷ്കൃതമായ തത്ത്വങ്ങളാണ് താഴെ:

الضّرورات تبيح المحظورات 'അനിവാര്യതകൾ, വിലക്കിയവയെ അനുവദനീയമാക്കുന്നു'.

المشقّة تجلب التيسير 'പ്രയാസം എളുപ്പത്തെകൊണ്ടുവരുന്നു'

لا ضرر ولا ضرار 'സ്വയം പീഢനമോ പരപീഡനമോ പാടില്ല'

رفع الحرج 'പ്രയാസം ഇല്ലാതാക്കൽ'

ഖുർആനും തിരുചര്യയും പഠിക്കുന്നവർക്ക് ഈ വശം സുതരാം വ്യക്തമാവും. ശരീഅത്തു നിയമങ്ങൾ പ്രയാസത്തിന്മേലല്ല, എളുപ്പത്തിന്മേലാണ്, പരുഷതയിന്മേലല്ല, ലഘൂകരണിത്തിന്മേലാണ്, അനിവാര്യതകൾ പരിഗണിച്ചാണ് സ്ഥാപിതമായിട്ടുള്ളതെന്ന് അല്ലാഹുവ്യക്തമാക്കിയിട്ടുള്ളതാണ്. 'അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെ ഉദ്ദേശിക്കുന്നു, അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല' (ബഖറഃ 185).

'അല്ലാഹു നിങ്ങൾക്ക് ലഘൂകരണം ഉദ്ദേശിക്കുന്നു. മനുഷ്യൻ ദുർബലനായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്' (നിസാഅ്:28) 'അത് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കുള്ള ലഘൂകരണവും കാരുണ്യവുമാകുന്നു' (ബഖറഃ178). 'അവൻ -അല്ലാഹു- നിങ്ങളെ തെരഞ്ഞെടുത്തു. നിങ്ങൾക്ക് നിങ്ങളുടെ മതത്തിൽ യാതൊരു പ്രയാസവും ഉണ്ടാക്കിയിട്ടില്ല' (ഹജ്ജ്:78) 'ആരെങ്കിലും ആഗ്രഹിക്കാതെയും അതിക്രമിക്കാതെയും നിർബന്ധിതനായാൽ അയാളുടെ മേൽ കുറ്റമില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (ബഖറഃ 173) 'ഹൃദയം സത്യവിശ്വാസത്താൽ ശാന്തമായിരിക്കെ നിർബന്ധിക്കപ്പെട്ടവനൊഴികെ' (നഹ്ൽ:106).

يسّروا ولا تعسّروا وبشروا ولا تنفّروا

'നിങ്ങൾ ആളുകൾക്ക് എളുപ്പമുണ്ടാക്കുക, പ്രയാസമുണ്ടാക്കാതിരിക്കുക, നിങ്ങൾ സന്തോഷവാർത്ത അറിയിക്കുക, നിങ്ങൾ വെറുപ്പിക്കാതിരിക്കുക' (ബുഖാരി, മുസ്‌ലിം).

إنّما بعثتم ميسرين ولم تبعثوا معسّرين

'നിങ്ങൾ ആളുകൾക്ക് എളുപ്പമുണ്ടാക്കുന്നവരായാണ് നിയോഗിതരായിരിക്കുന്നത്, പ്രയാസമുണ്ടാക്കുന്നവരായിട്ടല്ല' (ബുഖാരി, തുർമുദി, നസാഈ/കിതാബുത്ത്വഹാറഃ).

أحبّ الدين إلى الله الحنيفية السّمحة

'അല്ലാഹുവിന്ന് ഏറ്റവും പ്രിയപ്പെട്ട ദീൻ ഋജുത്വവും ഉദാരതയുമാണ്'

ഇത്തരം പ്രമാണങ്ങളെ ആധാരമാക്കി പണ്ഡിതന്മാർ മുസ്‌ലിം വ്യക്തികൾക്കും സമൂഹങ്ങൾക്കും മഹനീയതത്ത്വ നിലവാരത്തിൽ നിന്ന് പ്രായോഗികതയുടെ അധോതലത്തിലേക്ക് ഇറങ്ങിവരാൻ അനുവാദം നൽകുന്നു. ഇതുവഴി സൃഷ്ടികളുടെ താൽപര്യങ്ങൾ ഹനിക്കപ്പെടുന്നില്ല. അവകാശങ്ങൾ പാഴാവുന്നില്ല. ദീനോ ദുൻയാവോ നഷ്ടപ്പെടുന്നില്ല. ഉദാഹരണം: 'വ്യവഹാരങ്ങളിൽ നിർബന്ധമായ നീതിമാനായ സാക്ഷിയെ ലഭിച്ചില്ലെങ്കിൽ, അധർമിയുടെ സാക്ഷ്യവുമാവാം' എന്ന പ്രായോഗിക നിലപാട് ഉദാഹരണം. ഇജ്തിഹാദിന് പ്രാപ്തിയുള്ളയാളാവണം ന്യായാധിപനാവുന്നത് എന്നത്രെ തത്ത്വം. എന്നാൽ അത്തരമൊരാളെ ലഭിക്കുന്നില്ലെങ്കിൽ അനുകർത്താവായ ന്യായാധിപനെ നിയമിക്കാം എന്നാണ് പ്രായോഗിക നിലപാട്. രാഷ്ട്ര ഭരണാധികാരിയുടെ കാര്യവും തഥൈവ. ഗവേഷണ യോഗ്യതയുള്ള ഭരണാധികാരിയില്ലെങ്കിൽ വിജ്ഞരുടെ സഹായം തേടുന്നപക്ഷം അയാളെ നേതാവാക്കമെന്നാണ്. അതുപോലെ, ദൈവിക മാർഗത്തിലെ സമരത്തിന് നേതൃത്വം നൽകേണ്ടത് സുകൃതിയും പുണ്യവാനുമാണെങ്കിലും അത്തരമാളുകളുടെ അഭാവത്തിൽ അധർമിയെയും നായകസ്ഥാനത്തേക്ക് പരിഗണിക്കാമെന്നാണ് പ്രായോഗിക നിലപാട്.

ഇമാം അഹ്മദിനു മുമ്പാകെ ഇങ്ങനെ ഒരു ചോദ്യമുന്നയിക്കപ്പെട്ടു: 'നേതാവ് ശക്തനാണെങ്കിലും അധർമിയാണ്. മറ്റൊരാൾ സുകൃതവാനാണെങ്കിലും ദുർബലനാണ്. ഇവരിൽ ആരോടൊപ്പമാണ് ജിഹാദ് ചെയ്യേണ്ടത്? അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു: 'ശക്തനും അധർമിയുമാണെങ്കിൽ, അയാളുടെ അധർമത്തിന്റെ പാപഭാരം അയാൾക്കാണ്. അതേസമയം അയാളുടെ ശക്തിയുടെ ഗുണം മുസ്‌ലിംകൾക്ക് ലഭിക്കും. സുകൃതവാനായ ദുർബലന്റെ നന്മ അയാൾക്കും, അയാളുടെ ദൗർബല്യത്തിന്റെ ദോഷം മുസ്‌ലിംകൾക്കും ലഭിക്കും' നായകൻ അധർമിയാണെങ്കിലും അയാൾ ശക്തനാണെങ്കിൽ അയാൾക്കൊപ്പം സമരം ചെയ്യണം. ഇമാം അഹ്മദിന്റെ പ്രായോഗിക ബുദ്ധിയാണിവിടെ തെളിഞ്ഞുകാണുന്നത്.

വർത്തമാന കാല മുസ്‌ലിംകളുടെ ബലക്ഷയവും ശൈഥില്യവും പിന്നാക്കാവസ്ഥയും, അവരുടെ ശത്രുക്കളുടെ ശക്തി സാധ്യതാ സൗകര്യങ്ങളും പരിഗണിക്കുമ്പോൾ, ബലാവസ്ഥയിൽ നാം നിർബന്ധമായും നിരാകരിക്കേണ്ടത് ദുർബലാവസ്ഥയിൽ നാം നിർബന്ധമായും സ്വീകരിക്കേണ്ടതായും, ഐക്യാവസ്ഥയിൽ നിരാകരിക്കേണ്ടത് ശിഥിലാവസ്ഥയിൽ സ്വീകരിക്കേണ്ടതായും നമുക്ക് മനസ്സിലാക്കാൻ കഴിയും. 'ഇപ്പോൾ അല്ലാഹു നിങ്ങളുടെ ഭാരം ലഘൂകരിച്ചിരിക്കുന്നു. നിങ്ങളിൽ ഇപ്പോഴും ദൗർബല്യമുണ്ടെന്ന് അല്ലാഹുവിന്നറിയാം' (അൻഫാൽ:66). ചുരുക്കത്തിൽ, ബലക്ഷയമാണ് ലഘൂകരണം നൽകിയതിന്റെ ന്യായം; മുസ്‌ലിം എപ്പോഴും ശക്തിയാർജ്ജിക്കാൻ ഉൽസുകനായിരിക്കണമെങ്കിലും. ശക്തനായ സത്യവിശ്വാസിയാണ് ദുർബലനായ സത്യവിശ്വാസിയേക്കാൾ അല്ലാഹുവിങ്കൽ ഉത്തമനും പ്രിയങ്കരനും. മിക്ക ആധുനിക ഇസ്‌ലാമിക നാടുകളെയും പോലെ, ഇസ്‌ലാമിക സംഘടനകളിലൂടെ അധികാരത്തിലെത്താൻ കഴിയുന്നില്ലെങ്കിൽ, പ്രായോഗിക സാഹചര്യം പരിഗണിച്ച് നിലപാടെടുക്കുകയും, സമൂഹത്തിന് നന്മയുണ്ടെങ്കിൽ മറ്റുള്ളവരോടൊപ്പം ഭരണത്തിൽ പങ്കാളിത്തമാവുകയുമാവാം.

**4) ക്രമപ്രവൃദ്ധതയെന്ന നടപടി**

പ്രപഞ്ചസൃഷ്ടിപ്പിൽ അല്ലാഹു ദീക്ഷിച്ചുപോരുന്ന ഒരു തത്ത്വമാണ് ക്രമപ്രവൃദ്ധത(സുന്നത്തുത്തദർറുജ്). ഇത് നാം അവഗണിക്കാവതല്ല. എല്ലാം ചെറുതായി തുടങ്ങി വലുതാവുകയാണ്. ദുർബലമായി ആരംഭിച്ച് ശക്തിപ്രാപിക്കുകയാണ്. സസ്യങ്ങളിലും മനുഷ്യരിലും മൃഗങ്ങളിലുമെല്ലാം ഈ ദൈവിക ചര്യയാണ് നാം കാണുന്നത്. മനുഷ്യർ ബുദ്ധിമാനും പ്രായപൂർത്തിയെത്തിയവനുമായല്ല ജനിക്കുന്നത്. നവജാതനായി, സ്തന്യ ശിശുവായി, മുലകുടിമാറി, കുഞ്ഞായി, പ്രായപൂർത്തിയായി, യുവാവായി, മധ്യവയസ്കനായി... അങ്ങനെയങ്ങനെ... അതിന് മുമ്പ് മാതാവിന്റെ ഉദരത്തിൽ ഇന്ദ്രിയത്തുള്ളി, രക്തപിണ്ഡം, മാംസപിണ്ഡം, എല്ല്, ശേഷം മാംസം പൊതിഞ്ഞ എല്ല്, അതും കഴിഞ്ഞ് മറ്റൊരു സൃഷ്ടി... ഇതാണ് ലോകത്ത് സാധാരണയായി നാം കണ്ടുവരുന്ന സൃഷ്ടിയിലെ ക്രമപ്രവൃദ്ധത്വം... ഇസ്‌ലാമിക ശരീഅത്ത് ഈ നടപടിക്രമം പാലിച്ചിരിക്കുന്നു. മനുഷ്യരിൽ അല്ലാഹുവിന്റെ വിധിനിരോധങ്ങൾ ബാധകമായിത്തുടങ്ങുന്ന പ്രായം മുതൽ നിർബന്ധാനുഷ്ഠാനങ്ങൾ അനുശാസിക്കുന്നേടത്തും നിഷിദ്ധങ്ങൾ വിലക്കുന്നേടത്തും ഈ ക്രമപ്രവൃദ്ധത്വം സൂക്ഷിച്ചിരിക്കുന്നു. അത് ശരീഅത്തിന്റെ കാരുണ്യത്തിന്റെയും അനായാസകരമാക്കുന്നതിന്റെയും ഭാഗമായിട്ടാണ്. വലിയ ലക്ഷ്യങ്ങൾ ഒറ്റയടിക്ക് നേടാൻ കഴിയില്ല. കഴിവുകൾക്കും അവസരങ്ങൾക്കും അനുസൃതമായി അൽപാൽപമായാണ് അത് പ്രാപ്യമാവുക. അതയാൾ നിരാകരിക്കരുത്. ശരീഅത്തോ, ബുദ്ധിയോ, നാട്ടുനടപ്പോ അത് വിലക്കുന്നില്ല. ഒരു കാര്യം മൊത്തം പ്രാപിക്കാൻ കഴിയുന്നില്ലെങ്കിൽ അത് മൊത്തം ഉപേക്ഷിക്കുകയല്ല വേണ്ടത് എന്നാണ് തത്ത്വം.

സമ്പൂർണ ഇസ്‌ലാമിക ഭരണം എന്നത് വലിയ ലക്ഷ്യം തന്നെയാണ്, സംശയമില്ല. നമ്മുടെ ഹൃദയങ്ങളിൽ മുഖ്യ ഊന്നലായി അത് ഉണ്ടാവുക തന്നെ വേണം. പക്ഷെ, ഒറ്റയടിക്ക് അതിലേക്കെത്തുക പ്രയാസമാണ്. അതിൽ ചിലതിലേക്കെങ്കിലും എത്താൻ കഴിയുന്നവർക്ക് അവിടേക്കെത്താനും, ജനങ്ങൾക്ക് മാതൃക സമർപ്പിക്കാനും, സത്യസ്ഥാപനത്തിൽ സാധ്യമായത് സാക്ഷാൽക്കരിക്കാനും, നന്മ പ്രചരിപ്പിക്കാനും, നീതി സ്ഥാപിക്കാനും, അതുവഴി മറ്റുള്ളവർക്കു മുമ്പാകെ വാതിൽ തുറക്കാനും, തത്തുല്യമായ കാര്യങ്ങളിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കാനും എന്തു തടസ്സം? നമ്മുടെ ഇസ്‌ലാമിക ചരിത്രത്തിൽ ഇതിന് ഉത്തമ മാതൃകയുണ്ട്.

സച്ചരിതനായ അഞ്ചാം ഖലീഫഃ ഉമറുബ്നു അബ്ദിൽ അസീസിന്റെ ചരിത്രം എടുക്കാം. അദ്ദേഹം

സന്മാർഗത്തിന്റെ നടപടി ചര്യ ജീവിപ്പിച്ചു. നീതിയുടെ അടയാളങ്ങൾ സ്ഥാപിച്ചു. നന്മയുടെ ആശയങ്ങൾ പ്രചരിപ്പിച്ചു. ഇത് ചരിത്രം മറന്നിട്ടില്ല. ആർക്കും അജ്ഞാതവുമല്ല. പക്ഷെ അദ്ദേഹത്തിന് താൻ ഉദ്ദേശിച്ച മുഴുവൻ പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ഉദാഹരണമായി, ഇസ്‌ലാമിലെ മൗലിക സംവിധാനമായ ശൂറാ പുനഃസ്ഥാപിക്കാനോ അധികാരം ബനൂഉമയ്യഃയിൽ നിക്ഷിപ്തമാകുന്നത് തടയാനോ അദ്ദേഹത്തിന് കഴിഞ്ഞില്ല. അദ്ദേഹം വളരെ അവധാനതയോടെയാണ് കാര്യങ്ങൾ ചെയ്തുപോന്നത്. അദ്ദേഹത്തിന്റെ ധീരനും ദൈവഭക്തനുമായിരുന്ന മകൻ അബ്ദുൽ മലിക് ഒരിക്കൽ അദ്ദേഹത്തോട് പറഞ്ഞു: 'പ്രിയ പിതാവേ, കാര്യങ്ങൾ നടപ്പാക്കുന്നതിൽ താങ്കളെന്താണ് മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്നത്? അല്ലാഹുവിന്റെ മാർഗത്തിൽ ജനങ്ങളുടെ രോഷം പരിഗണിക്കേണ്ടതുണ്ടോ?' യുക്തിജ്ഞനായ പിതാവിന്റെ മറുപടി: 'പ്രിയ മകനേ, ധൃതിപ്പെടാതെ. അല്ലാഹു ഖുർആനിൽ രണ്ട് സൂക്തങ്ങളിലായി മദ്യത്തെ ആക്ഷേപിച്ചു. പിന്നീട് മൂന്നാമത്തെ സൂക്തത്തിലാണ് അത് നിഷിദ്ധമാക്കിയത്. സത്യം സ്വീകരിക്കാൻ ജനങ്ങളെ ഞാൻ ഒറ്റയടിക്ക് നിർബന്ധിച്ചാൽ അതവർ ഒറ്റയടിക്ക് തന്നെ നിരാകരിച്ചു കളയുമെന്നും അതേതുടർന്ന് കുഴപ്പമുണ്ടാവുമെന്നും ഞാൻ ഭയപ്പെടുന്നു.(1)

**പങ്കാളിത്തത്തിന്റെ ഉപാധികൾ**

ശരീഅത്തനുസൃതമായി, അനിസ്‌ലാമിക ഭരണത്തിൽ പങ്കാളിത്തം സ്വീകരിക്കുന്നതിന് ചില ഉപാധികളുണ്ട്. ഉപാധികളുടെ അഭാവത്തിൽ, പങ്കാളിത്തം പാടില്ലെന്നതാണ് അടിസ്ഥാന നിലപാട്.

1) പങ്കാളിത്തമുണ്ടെന്ന് വാദിക്കുകയോ, പറയുകയോ ചെയ്താൽ മാത്രം പോരാ, പ്രാവർത്തികമായി തെളിയിച്ചിരിക്കണം. പങ്കാളിത്തം വഹിക്കുന്നയാൾ മറ്റുള്ളവരുടെ കൈയിലെ ഉപകരണമായാൽ പോരാ. ഭരണാധികാരി ഉദ്ദേശിക്കുന്ന കാര്യങ്ങൾ അയാളിലൂടെ നടത്തുകയും അയാൾക്ക് സ്വന്തം നിലയിൽ ഒരു ഗുണവും ഇല്ലാതിരിക്കുകയും, സ്വന്തം വൃത്തത്തിൽ പോലും നീതി സ്ഥാപിക്കുന്നതിലും അക്രമം അമർച്ച ചെയ്യുന്നതിലും ഭാഗികമായെങ്കിലും എന്തെങ്കിലും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ പങ്കാളിത്തമാകാവതല്ല.

2) മനുഷ്യാവകാശ ധ്വംസനവും അക്രമവും പരിധിലംഘനവും മുദ്രിതമായ ഭരണമാകരുത്. കൈ, നാവ്, ഹൃദയം എന്നിവയാൽ സാധ്യമാകും വിധം അതിനെ ചെറുക്കാൻ മുസ്‌ലിം ബാധ്യസ്ഥനാണ്. അയാൾ അതിൽ പങ്കാളിയാവുകയല്ല, അതിനെ ചെറുക്കുകയാണ് വേണ്ടത്. ഭൂമിയിൽ അഹങ്കരിക്കുകയും ജനങ്ങളെ കക്ഷികളാക്കി തിരിക്കുകയും ചെയ്ത ഫറോവ, യൂസുഫ് നബിയെ വിശ്വസ്തനായും അവലംബനീയനുമായി പ്രഖ്യാപിച്ച് സ്വന്തക്കാരനാക്കാൻ ശ്രമിച്ചാലും അദ്ദേഹം അത് സ്വീകരിക്കുമായിരുന്നില്ല. താൻ ഈജിപ്തിലെ ഖജനാവുകളുടെ സൂക്ഷിപ്പുകാരനാകാമെന്ന് പറയുമായിരുന്നില്ല. (യൂസുഫ് നബിയുടെ കാലത്തെ ഫറോവ മൂസാനബിയുടെ കാലത്തെ ഫറോവ ആയിരുന്നില്ല) ചുരുക്കത്തിൽ, ജനങ്ങളെ ചവിട്ടിമെതിക്കുന്ന വ്യക്തിയോ, പട്ടാളമോ നടത്തുന്ന സ്വേഛാഭരണത്തിൽ സത്യവിശ്വാസിക്ക് പങ്കാളിത്തം വഹിക്കാൻ സാധ്യമല്ല. മനുഷ്യരെ ആദരിക്കുകയും ജനാധിപത്യാധിഷ്ഠിതമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഭരണത്തിൽ മാത്രമെ പങ്കാളിത്തം സാധുവാകയുള്ളൂ.

**ഇമാം അഹ്മദിനു മുമ്പാകെ ഇങ്ങനെ ഒരു ചോദ്യമുന്നയിക്കപ്പെട്ടു: 'നേതാവ് ശക്തനാണെങ്കിലും അധർമിയാണ്. മറ്റൊരാൾ സുകൃതവാനാണെങ്കിലും ദുർബലനാണ്. ഇവരിൽ ആരോടൊപ്പമാണ് ജിഹാദ് ചെയ്യേണ്ടത്? അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു: 'ശക്തനും അധർമിയുമാണെങ്കിൽ, അയാളുടെ അധർമത്തിന്റെ പാപഭാരം അയാൾക്കാണ്. അതേ സമയം അയാളുടെ ശക്തിയുടെ ഗുണം മുസ്‌ലിംകൾക്ക് ലഭിക്കും. സുകൃതവാനായ ദുർബലന്റെ നന്മ അയാൾക്കും, അയാളുടെ ദൗർബല്യത്തിന്റെ ദോഷം മുസ്‌ലിംകൾക്കും ലഭിക്കും' നായകൻ അധർമിയാണെങ്കിലും അയാൾ ശക്തനാണെങ്കിൽ അയാൾക്കൊപ്പം സമരം ചെയ്യണം. ഇമാം അഹ്മദിന്റെ പ്രായോഗിക ബുദ്ധിയാണിവിടെ തെളിഞ്ഞുകാണുന്നത്.**

3) ഇസ്‌ലാമിന്നെതിരായ എല്ലാറ്റിനോടും വിയോജിക്കാൻ ചുരുങ്ങിയ പക്ഷം, ഇസ്‌ലാമിനെ സംരക്ഷിക്കാനെങ്കിലും അവകാശമുണ്ടായിരിക്കണം. സ്വന്തം മന്ത്രാലയത്തിൽ നീതി സ്ഥാപിക്കുന്ന മന്ത്രിയോട്, മന്ത്രിസഭയിലെ ഒരംഗം എന്ന നിലയിൽ, ഇസ്‌ലാമിലെ ഖണ്ഡിത നിയമങ്ങൾക്ക് വിരുദ്ധമായ നിയമങ്ങളോടെ, ഒത്തുതീർപ്പുകളോടോ സംരംഭങ്ങളോടോ യോജിക്കാൻ ആവശ്യപ്പെടുന്ന പക്ഷം വിയോജിപ്പിന്റെ തരവും വലുപ്പവുമനുസരിച്ച് അതിനെ എതിർക്കുകയോ സൂക്ഷ്മത പാലിക്കുകയോ ചെയ്യേണ്ടതാണ്.

*(അടുത്തലക്കത്തിൽ അവസാനിക്കും)*

(അടുത്തലക്കത്തിൽ അവസാനിക്കും)

**കുറിപ്പുകൾ**

١) الموافقات للشاطبي٢/٩٤ نقلا عن كتابنا (فتاوى معاصرة) ج ٢